# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*217 | 14.02.2013-ൽ മറുപടിക്ക്

### തോട്ടം മേഖലയിൽ മിനിമം വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. കെ. മുരളീധരൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് തോട്ടം മേഖലയിൽ മിനിമം വേതനം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 12/6/2009-ലെ ജി.ഒ.(ആർ.ടി) 804/2009/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ തോട്ടം മേഖലയിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) തോട്ടം മേഖലയിൽ മിനിമം വേതനം ഉറപ്പാക്കുകയും അതനുസരിച്ച് ഈ മേഖലയിൽ സമാധാനമായ തൊഴിൽ അന്തരീക്ഷം നിലനിർത്തുകയുമാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | (സി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗമാണ് മിനിമം വേതനം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ലേബർ കമ്മീഷണർ ചെയർമാനായ പ്ലാന്റേഷൻ ലേബർ കമ്മിറ്റി മിനിമം വേതനം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ചർച്ച ചെയ്ത് എടുക്കുന്ന തീരുമാനങ്ങൾ എല്ലാ തോട്ടം ഉടമകളും നടപ്പിലാക്കാറുണ്ട്.. തോട്ടം മേഖലയിൽ നിന്നും ലഭിക്കുന്ന പരാതികൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹരിക്കു കയാണ് പതിവ്. നിയമപരമായി സ്വീകരിക്കേണ്ട നടപടികൾ ആണെങ്കിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ആഫീസർ.